8 (1551) ആദിവാസികളുടെ ക്ഷേമത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതി

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളുടെ നടത്തിപ്പിന് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിൽ ഉണ്ടാകുന്ന പുരോഗതി സർക്കാർ വിലയിരുത്താറുണ്ടോ; ഇതിന് എന്തു സംവിധാനമാണ് നിലവിലുള്ളത്;

(സി) ആദിവാസി ക്ഷേമപദ്ധതികളുടെ നടത്തിപ്പിൽ അലംഭാവം കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ;

(ഡി) ക്ഷേമപദ്ധതികൾകൊണ്ട് ഉദ്ദേശിച്ച ഫലം കൈവരുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും യഥാകാലം വിലയിരുത്തുന്നതിനും ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പ്, കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കിർത്താഡ്സ് മുതലായവയും കൂടാതെ വനം വകുപ്പ്, ഭവന നിർമ്മാണ ബോർഡ്, വൈദ്യുതി ബോർഡ്, ഗ്രാമവികസന വകുപ്പ് മുതലായ വകുപ്പുകളും പട്ടികവർഗ്ഗ ഉപപദ്ധതി അനുസരിച്ച് പദ്ധതികൾ നടപ്പാക്കുന്നു. ഇതിനും പുറമേ ത്രിതല പഞ്ചായത്ത് സംവിധാനത്തിൽക്കൂടി പട്ടികവർഗ്ഗക്കാരുടെ ക്ഷേമപദ്ധതികൾ നടപ്പാക്കിവരുന്നു.

(ബി) ഉണ്ട്. ജില്ലാതലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ സബ്കമ്മിറ്റി യഥാസമയം പുരോഗതി വിലയിരുത്തുന്നുണ്ട്. സംസ്ഥാന തലത്തിൽ വകുപ്പ് സെക്രട്ടറിയും വകുപ്പ് മന്ത്രിയും മുഖ്യമന്ത്രിയും പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

(സി) കർശന നടപടി സ്വീകരിക്കുന്നുണ്ട്.

(ഡി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

9 (1552) ആദിവാസി മേഖലയിലെ രോഗങ്ങൾ

ശ്രീ. ജോസ് ബേബി :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. യു.എസ്. ശശി :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി മേഖലകളിൽ മെഡിക്കൽ സംഘങ്ങൾ ഏതെങ്കിലും തരത്തിലുള്ള സർവ്വേ നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ആ സർവ്വേ റിപ്പോർട്ട് എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) അട്ടപ്പാടി മേഖലയിൽ മദ്യം കിട്ടാതെ ആദിവാസികൾ രോഗികളായി തീർന്നുവെന്ന് സർവേ റിപ്പോർട്ടിൽ പറയുന്നുണ്ടോ;

(ഡി) എങ്കിൽ ഇതുമൂലം ആദിവാസി മേഖലകളിൽ എത്രപേർ ഏതെല്ലാം തരത്തിലുള്ള രോഗങ്ങൾ ബാധിച്ചു കഴിയുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചില ആദിവാസി മേഖലകളിൽ സർവ്വേ നടത്തിയിട്ടുണ്ട്.

(ബി) സംസ്ഥാന ഗവണ്മെന്റും ആരോഗ്യ വകുപ്പും മുട്ടിൽ രാമകൃഷ്ണമിഷനും ചില സർവ്വേകൾ നടത്തിയിട്ടുണ്ട്. ഈ സർവ്വേകളിൽനിന്നും പട്ടികവർഗ്ഗക്കാർക്കിടയിൽ സിക്കിൾസെൽ അനീമിയ, ത്വക്ക് രോഗങ്ങൾ, കുഷ്ഠം, മാനസിക രോഗം, ഗോയിറ്റർ, ക്ഷയം തുടങ്ങിയ രോഗങ്ങൾ ഉള്ളതായി കാണപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഈ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

10 (1553) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണ പദ്ധതി

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയിൽപ്പെടുത്തി ഭവനരഹിതരായ മുഴുവൻ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കും വീട് നിർമ്മിച്ച് നൽകുന്നതിനുവേണ്ടി നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് നൽകിയ അപേക്ഷയിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഈ വർഷംതന്നെ പ്രസ്തുത പഞ്ചായത്തിൽ പദ്ധതി നടപ്പാക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) അപേക്ഷ മേൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) കൂടുതൽ പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പാക്കുമ്പോൾ പരിഗണിക്കുന്നതാണ്.

11 (1554) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് സുവർണ്ണ ജൂബിലി സ്മാരകമായി വീട്

ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് സുവർണ്ണ ജൂബിലി സ്മാരകമായി വീട് നൽകുമ്പോൾ 18,000/- രൂപ വരുമാന പരിധി ഏർപ്പെടുത്തിയതിനെത്തുടർന്ന് പാവപ്പെട്ട പലർക്കും വീട് ലഭിക്കുവാൻ ഇടയില്ലെന്ന വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly